845
16/1/19

"ഭരണഭാഷ - മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അധികച്ചുമതല നൽകിയത്-സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.137/2019/ധന. തീയതി,തിരുവനന്തപുരം,07/01/2019**

പരാമർശം:- 1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01/08/2018, 12/12/2018 എന്നീ തീയതികളിലെ കെ.എസ്.എ 10/എസ്റ്റാ1/2018 നമ്പർ കത്ത്.

2 ) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 30/07/2018-ലെ കെ.എസ്.എ 10/എസ്റ്റാ1/2018(1) നമ്പരായുള്ള നടപടി ക്രമം.

3) 02/09/2000-ലെ 71787/എസ്റ്റാ.ഡി1/2000/ധന നമ്പർ സർക്കാർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ശ്രീ.ഇ.ആർ ബാലകൃഷ്ണൻ, കണ്ണൂർ സർവ്വകലാശാല ഓഡിറ്റ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ശ്രീ.കെ.കൃഷ്ണകുമാർ എന്നിവർ 31/07/2018 ൽ സേവനത്തിൻ നിന്നും വിരമിച്ചതിനെ തുടർന്ന് പ്രസ്തുത കാര്യാലയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സുധാദാസിന് 01/08/2018 പൂർവ്വാഹ്നം മുതൽ 20/08/2018 അപരാഹ്നം വരെയും, കണ്ണൂർ സർവ്വകലാശാല ഓഡിറ്റ് കാര്യാലയത്തിലെ ഓഡിറ്റ് ഓഫീസർ ശ്രീ.കെ വി സുരേഷ്ബാബുവിന് 01/08/2018 പൂർവ്വാഹ്നം മുതൽ 20/08/2018 അപരാഹ്നം വരെയും ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ച്ചുമതല നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നടപടി

സാധൂകരിക്കുന്നതിനായി പരാമർശം 1 പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഫീസുകളുടെ സുഗമമായ പ്രവർത്തനം മുൻനിർത്തി ആവശ്യമായ സന്ദർഭങ്ങളിൽ ഉന്നത ഉദ്യോഗസ്ഥരുടെ പൂർണ്ണ അധികചുമതലകൾ കൈമാറാൻ പരാമർശം 3 പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സുധാദാസിന് 01/08/18 പൂർവ്വാഹ്നം മുതൽ 20/08/2018 അപരാഹ്നം വരെയും, കണ്ണൂർ സർവ്വകലാശാല ഓഡിറ്റ് കാര്യാലയത്തിലെ ഓഡിറ്റ് ഓഫീസർ ശ്രീ.കെ വി സുരേഷ്ബാബുവിന് 01/08/2018 പൂർവ്വാഹ്നം മുതൽ 20/08/2018 അപരാഹ്നം വരെയും ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീനി..ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

വകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ,ജി&എസ്.എസ്.എ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ എസ് എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ